(ബി) ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു; എത്ര രോഗികൾക്ക് പ്രസ്തുത യൂണിറ്റ് മുഖേന ചികിത്സ ലഭ്യമാക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ആശുപത്രികളിൽ എത്തി ഡയാലിസിസ് ചെയ്യാൻ ബുദ്ധിമുട്ടുള്ള രോഗികൾക്കായി മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ 27 സർക്കാർ ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് എന്ന പദ്ധതി പ്രകാരം ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് 5-2-2013-ലെ ജി.ഒ.(ആർടി.) നമ്പർ 114/2013/നി.വ. ഉത്തരവ് പ്രകാരം സർക്കാർ അനുമതി ആയിട്ടുണ്ട്. ടി യൂണിറ്റുകളുടെ പ്രവർത്തനം ഉറപ്പാക്കുന്നതിന് വേണ്ടി KMSCL നടപടി സ്വീകരിച്ചുവരുന്നു. ടി യൂണിറ്റുകൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) നിലവിൽ 23 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രതിമാസം ശരാശരി 120-ഓളം രോഗികൾക്ക് ചികിത്സ ഓരോ സ്ഥാപനങ്ങളിലും ലഭ്യമാക്കി വരുന്നു. കൂടാതെ 5 സർക്കാർ മെഡിക്കൽ കോളേജിൽനിന്നും മുന്നൂറോളം രോഗികൾക്കും ഡയാലിസിസ് ലഭ്യമാക്കുന്നുണ്ട്.

(സി) നിലവിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ മൊബൈൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## കാൻസർ ചികിത്സയ്ക്കായി കിട്ടിയ സ്ഥലം കോഴിക്കോട് മെഡിക്കൽ കോളേജിന്

62 (769) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂരിലെ തെങ്ങിലക്കടവിൽ കാൻസർ ചികിൽസക്കായി സർക്കാരിന് കൈമാറിക്കിട്ടിയ സ്ഥലം കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനം പ്രവർത്തിപ്പിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മാവൂരിലെ തെങ്ങിലക്കടവിൽ ആധുനിക രീതിയിലുള്ള ക്യാൻസർ ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് പ്രസ്തുത സ്ഥലം തലശ്ശേരി ക്യാൻസർ സെന്ററിൽനിന്നും കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറുകയും നിലവിലുള്ള കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കുന്നതിനും ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിനും ഏകദേശം 50 കോടി രൂപ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് സ്ഥാപനം പ്രവർത്തിപ്പിക്കുന്നതാണ്.

**ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ അലോപ്പതി, ഹോമിയോ, ആയുർവ്വേദ ഡോക്ടർമാരുടെ തസ്തികകൾ**

63 (770) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര ഡോക്ടർമാരുടെ തസ്തികകൾ ആണ് അനുവദിച്ചിട്ടുള്ളത്; അലോപ്പതി, ഹോമിയോ, ആയുർവ്വേദം എന്നീ വിഭാഗം ആശുപത്രികളിലെ വിവരം പ്രത്യേകം പ്രത്യേകം അറിയിക്കുമോ ;

(ബി) അലോപ്പതി, ഹോമിയോ, ആയുർവ്വേദം എന്നീ വിഭാഗം ആശുപത്രികളിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകൾ ഉണ്ട്; പ്രത്യേകം പ്രത്യേകം അറിയിക്കുമോ ;

(സി) സാധാരണക്കാരായ ജനങ്ങൾ ആശ്രയിക്കുന്ന സർക്കാർ ആതുരാലയങ്ങളിൽ ഡോക്ടർമാരുൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകരുടെ ഒഴിവുകൾ ഉണ്ടാക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉടൻ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ 40 അലോപ്പതി ഡോക്ടർമാരുടെയും 12 ആയുർവ്വേദ ഡോക്ടർമാരുടെയും 5 ഹോമിയോപ്പതി ഡോക്ടർമാരുടെയും തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ബി) അലോപ്പതിയിൽ 8 ഡോക്ടർമാരുടെയും ആയുർവ്വേദത്തിൽ 1 ഡോക്ടറുടെയും ഒഴിവുകളുണ്ട്. ഹോമിയോപ്പതിയിൽ ഒഴിവുകളൊന്നും നിലവിലില്ല.